ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യമാണ്. ഗ്രാമ പഞ്ചായത്തുകളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങളും അവയുടെ നടപടി ക്രമങ്ങളും വ്യക്തമാക്കിക്കൊണ്ട് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തു തീരുമാനങ്ങളുടെ പകർപ്പ് നിശ്ചിത ഫീസ് ഒടുക്കിയാൽ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. പരാതികൾ സംബന്ധിച്ച് ഓംബുഡ്സ്മാനെയും പഞ്ചായത്ത് തീരുമാനങ്ങൾക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിനെയും സമീപിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു. ഓംബുഡ്സ്മാന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കി. കൂടാതെ ട്രിബ്യൂണലിനെയും നിയമിച്ചിട്ടുണ്ട്.

(സി) മേൽവിവരിച്ച പ്രവർത്തനങ്ങളിലൂടെ അഴിമതി തുടച്ചുനീക്കാൻ കഴിയുമെന്ന് കരുതുന്നു.

പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്താൻ നടപടി

224 [3196] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുവാൻ സർക്കാർ ഏജൻസിയെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടംവരെ എത്തിയെന്ന് വിശദമാക്കാമോ:

(ബി) പഞ്ചായത്ത് ജീവനക്കാരെ, വി. ഇ. ഒ., ഐ. സി. ഡി. എസ്. സൂപ്പർവൈസർ എന്നിവർക്ക് സപ്പോർട്ടിംഗ് സ്റ്റാഫ് ആയി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിവരിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളിലെ ജോലിഭാരം, പൊതുവായ സംവിധാനം ഇവയെ സംബന്ധിച്ച് ഒരു സമഗ്രമായ പഠനത്തിനുവേണ്ടി ഡിസെൻട്രലൈസേഷൻ സപ്പോർട്ട് പ്രോഗ്രാമിന്റെ ഭാഗമായിട്ട് കേരള സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഇൻ ഡവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly